പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 355 07/01/2014- ൽ മറുപടിക്ക്

# വൈദ്യുതി ബോർഡിന്റെ കൈവശമുള്ള വനഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.ദിവാകരൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>,, കെ. അജിത്<br>,, ജി.എസ്. ജയലാൽ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡ് നടത്തുന്ന വനഭൂമി ദുരുപയോഗത്തിനെതിരെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നോട്ടീസ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇത്തരത്തിൽ ഒരു നോട്ടീസ് ലഭിക്കാനിടയായ സാഹചര്യം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; | (എ).ഇത്തരത്തിൽ കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും നോട്ടീസ് ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ വൈദ്യുതി ബോർഡ് വന ഭൂമി ദുരുപയോഗം നടത്തുന്നുവെന്ന് കാണിച്ച് ശ്രീ. എസ്. ബാഹു എന്ന വ്യക്തി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ച പരാതിയിൽ വൈദ്യുതി ബോർഡിന്റെ വിശദീകരണം കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം ആരാഞ്ഞിട്ടുണ്ട്. |
| (ബി) വൈദ്യുതി ബോർഡിന്റെ കൈവശം എത്ര ഹെക്ടർ വനഭൂമിയുണ്ട്; വൈദ്യുതി ബോർഡ് കമ്പനിയായതോടെ ഈ വനഭൂമിയിന്മേലുള്ള അവകാശം നഷ്ടപ്പെട്ടിട്ടുണ്ടോ; | (ബി)13818.0226 ഹെക്ടർ വനഭൂമിയാണ് വൈദ്യുതി ബോർഡിന്റെ കൈവശം ഇപ്പോഴുള്ളത്. ഇതിന്മേലുള്ള അവകാശം നഷ്ടപ്പെട്ടിട്ടില്ല. |
| (സി) പാട്ടക്കാലാവധി കഴിയുന്നതിനാലും വനഭൂമി കമ്പനികൾക്ക് കൈമാറാൻ നിയമം അനുശാസിക്കാത്തതുകൊണ്ടും കൈവശമുള്ള വനഭൂമി തിരിച്ചെടുക്കാൻ സാദ്ധ്യതയുണ്ടോ; ഉണ്ടെങ്കിൽ, ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) കെ.എസ്. ഇ.ബി. ലിമിറ്റഡ് എന്ന കമ്പനി നിലവിലുണ്ടായിരുന്ന കെ.എസ്.ഇ. ബോർഡിന്റെ സക്സസർ എന്റിറ്റി ആയതിനാലും പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ളതിനാലും പ്രസ്തുത കമ്പനിയുടെ ഷെയറുകൾ പൊതുവിപണിയിൽ ലഭ്യമല്ല. നിലവിലുള്ള വനഭൂമി നിയമങ്ങൾ ഒന്നും തന്നെ കെ.എസ്.ഇ.ബി എന്ന സ്ഥാപനത്തിന് പാട്ടത്തിനു നൽകിയ വനഭൂമി കെ.എസ്.ഇ.ബി ലിമിറ്റഡ് |

എന്ന സക്സസർ എന്റിറ്റിയ്ക്ക് (പൂർണ്ണമായും ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള) കൈമാറ്റം ചെയ്യുന്നതിന് തടസ്സങ്ങളില്ലാത്തതാണ്.

സെക്ഷൻ ഓഫീസർ